# പെന്തക്കോസ്തുകാരൻ എന്ന പേര്

## *(പാസ്റ്റർ ജോൺ റ്റി. കുര്യൻ)*

“അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട് എന്ന് ഉള്ളം കൊണ്ടു പറവാൻ തുനിയരുത്.” (മത്തായി 3:9)

യിസ്രായേൽ മക്കൾ അബ്രഹാമിൻെറ സന്തതി പരമ്പരയിൽ പെട്ടവരാണ് തങ്ങൾ എന്നു പറയുന്നതിൽ അവർ അഭിമാനിച്ചിരുന്നു. അതുകൊണ്ടത്രേ സ്തേഫാനോസ് ചെയ്ത പ്രസംഗം ആരംഭിക്കുന്നതു “നമ്മുടെ പിതാവായ അബ്രഹാം” എന്നു പറഞ്ഞുകൊണ്ടായിരുന്നുവല്ലോ. യെഹൂദന്മാരുടെ രാജാവായ മശിഹയായി ക്രിസ്തുവിനെ അവതരിപ്പിക്കുന്ന മത്തായി സുവിശേഷം ആരംഭിക്കുന്നതു തന്നെ അബ്രഹാമിൻെറ പുത്രനായ ദാവീദിൻെറ പുത്രനായ യേശുക്രിസ്തു എന്ന് പ്രസ്താവിച്ചുകൊണ്ടാണ്. അബ്രഹാമിനെക്കുറിച്ചുള്ള പ്രശംസ വളരെയായിരുന്നതിനാൽ മരിക്കുന്ന വിശുദ്ധന്മാർ ചെന്നു വിശ്രമിക്കുന്ന സ്ഥലത്തിനു അബ്രഹാമിൻെറ മടി എന്നു വിളിച്ചിരുന്നു. ഇങ്ങനെയുള്ള ഒരു സ്ഥിതിയിൽ അവർ ആയിരുന്നു എങ്കിലും അബ്രഹാമിൻെറ പ്രവൃത്തികൾ ചെയ്യുന്നതിനോ ദൈവത്തിനു വേണ്ടി നില്ക്കുന്നതിനോ അവർ ഒരുക്കമായിരുന്നില്ല. ആകയാൽ അവരുടെ പ്രശംസ നിരർത്ഥകമായിരുന്നു.

ഞങ്ങൾ അബ്രഹാമിൻെറ മക്കൾ; ഞങ്ങൾ ഒരിക്കലും അടിമകളായിരുന്നിട്ടില്ല എന്ന് യോഹ 3:8-ൽ വായിക്കുന്നു അവർ മിസ്രയീമിലും ബാബിലോണിലും അന്യജാതിക്കാർക്കും അടിമകളായിരുന്നു എന്നു മാത്രമല്ല ഇവർ ഇതു പറയുമ്പോൾ തന്നെ റോമൻ ഗവൺമെൻറിൻെറ ആധിപത്യത്തിലും പാപത്തിൻെറ യജമാനനായ പിശാചിനും അടിമകളായിരുന്നു. ദൈവമക്കൾ ആയിത്തീർന്നവർക്ക് എന്തും ചെയ്യാമെന്നും പറയാമെന്നും ഉള്ള പ്രവണത പ്രബലപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലമാണിപ്പോൾ. ദൈവമക്കൾ ചെയ്യുന്ന പാപം വിശുദ്ധീകരിക്കപ്പെട്ട പാപം ആകുന്നില്ലല്ലോ. പാപം ചെയ്യുന്ന ദേഹി മരിക്കും നിശ്ചയം.

ദാവീദു പാപം ചെയ്തതിനു ശേഷം പ്രാർത്ഥനയിൽ പറഞ്ഞത്, “നിന്നോടു തന്നെ ഞാൻ പാപം ചെയ്തു; നിനക്കു അനിഷ്ടമായുള്ളതു ഞാൻ ചെയ്തിരിക്കുന്നു” (സങ്കീ 51 : 4). മനുഷ്യനോടു ചെയ്യുന്ന പാപവും ദൈവത്തോടു ചെയ്യുന്നു എന്നുള്ളത് നാം വിസ്മരിക്കരുത്. സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മേ സ്വതന്ത്രരാക്കിയിരിക്കുന്നു; ആകയാൽ പിന്നെയും അടിമ നുകത്തിൽ കുടുങ്ങിപ്പോകരുത്. വിശുദ്ധിയിൽ ജീവിപ്പാൻ ഓരോ ദൈവ പൈതലും തന്നെത്താൻ സമർപ്പിക്കണം. വിശുദ്ധിക്ക് മാനദണ്ഡം കർത്താവു മാത്രമേ ഉള്ളു. അവൻ വിശുദ്ധൻ ആയിരിക്കുന്നതുപോലെ നാം വിശുദ്ധരായിരിക്കണം. കൂട്ടായ്മയ്ക്കു പോകുന്നതും, ആത്മീയ പ്രവൃത്തികളിൽ വ്യാപൃതരാകുന്നതും അത്യന്ത്യാപേക്ഷിത- മാണെങ്കിലും ഒരു യഥാർത്ഥ ക്രിസ്ത്യാനി പാപത്തിനു മരിച്ചവനായിരിക്കണം.

അടുത്തതായി, അവർ പറയുന്ന മറ്റൊരു കാര്യം “ അബ്രഹാം ഞങ്ങളുടെ പിതാവ്“ എന്നാകുന്നു. അവർ അങ്ങനെ പറയുന്നതിനെ കർത്താവു വിലക്കിയില്ല. എന്നാൽ അവർ പറയുന്നതല്ലാതെ അവരുടെ പ്രവൃത്തികളിൽ ശുഷ്ക്കരായിരുന്നു. അബ്രഹാമിൻെറ ഉറച്ച ദൈവവിശ്വാസം അവനെ പ്രവൃത്തിക്കും ആരാധനയ്ക്കും ഒരുക്കിയിരുന്നു. തൻെറ ശരീരം നിർജ്ജീവമായിപ്പോയതും സാറയുടെ ശക്തിഹീനത ഗ്രഹിച്ചിട്ടും യിസ്ഹാക്കിനെ യാഗം കഴിക്കുന്നതിൻെറ ചാരത്തിൽ നിന്നെങ്കിലും ഒരു മകനെ തരുവാൻ ദൈവത്തിനു കഴിയുമെന്നു അബ്രഹാം വിശ്വസിച്ചു. അതിനാൽ ഞാനും ബാലനും അവിടത്തോളം പോയി ആരാധന കഴിച്ചു മടങ്ങിവരാം എന്നു ധൈര്യമായി പറഞ്ഞു. ദൈവശബ്ദം കേട്ട അബ്രഹാം അതികാലത്ത് എഴുന്നേറ്റു. അബ്രഹാം യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ട് പ്രവൃത്തിയാൽ നീതികരിക്കപ്പെട്ടു എന്ന് യാക്കോബ് അപ്പോസ്തലൻ പറഞ്ഞിരിക്കുന്നു (യാക്കോബ് 2: 21). കർത്താവിൻെറ കാലത്ത് ആരാധനയ്ക്കുള്ള ആലയവും, ആരാധകരുമുണ്ടയായിരുന്നു. എന്നാൽ ദേവാലയം ദൈവികാരാധനയുമായി ബന്ധമുള്ളതായിരിക്കാതെ കള്ളന്മാരുടെ ഗുഹയായിത്തീർന്നു.
കർത്താവില്ലാത്തിടത്ത് സാത്താനെ ക്ഷണിച്ചു വരുത്തേണ്ട കാര്യമില്ല, തനിയെ വന്നു കയറിക്കൊള്ളും. പ്രിയ സഹോദരങ്ങളെ,, ഇന്നു ആരാധന എങ്ങനെയിരിക്കുന്നു?, ആരാധനയ്ക്കു പോകുന്നതിൻെറ ലക്ഷ്യം എന്താണ്? ആരാധന ദൈവഹിതപ്രകാരം ആയിരിക്കട്ടെ. നമ്മുടെ വിശ്വാസജീവിതം രക്ഷയിലും സ്നാനത്തിലും മാത്രം ഒതുക്കി നിർത്താതെ പ്രവർത്തിക്കുന്നവരാകാം. യാക്കോബിൻെറ പുത്രന്മാരെപ്പോലെ അന്യോന്യം നോക്കി നില്ക്കുന്നവരാകാതെ അവനവൻെറ പ്രവൃത്തി ശോധന ചെയ്യട്ടെ. അവനവൻെറ പ്രവൃത്തിക്ക് ന്യായം വിധിക്കപ്പെടുമല്ലോ (2 കൊരി 5 : 10). “എൻെറ സാക്ഷികൾ ആകുവീൻ” എന്ന് കർത്താവു പറഞ്ഞത് എല്ലാ വിശ്വാസികൾക്കും ഉള്ളതാണ് സഭയിൽ മാത്രം ഉള്ള നമ്മുടെ സാക്ഷ്യത്തിൽ തൃപ്തിപ്പെടാതെ “സുവിശേഷം അറിയിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു “ എന്ന പൗലോസിനെപ്പോലെ നാം ആയിരിക്കാം. “പെന്തക്കോസ്ൂകാർ” എന്ന പേരു സമ്പാദിക്കുന്നതിലല്ല, ഫലം കായിക്കുന്ന അനുഭവത്തിൽ നാം എത്തിച്ചേരണം. യേശു പറഞ്ഞത് “നിങ്ങൾ അബ്രഹാമിൻെറ മക്കൾ എങ്കിൽ അബ്രഹാമിൻെറ പ്രവൃത്തികളെ ചെയ്യുമായിരുന്നു” (യോഹ 8:39).

യിസ്രായേൽ ജനം അബ്രഹാമിൻെറ പാരമ്പര്യം പറയുകയല്ലാതെ ഫലം കായിക്കുന്നവർ ആയിരുന്നില്ല. ആകയാൽ യേശു പറഞ്ഞത് വൃക്ഷങ്ങളുടെ ചുവടിനു കോടാലി വച്ചിരിക്കുന്നു. എന്തെങ്കിലും ഫലം കായിക്കുവാൻ എല്ലാവർക്കും കഴിയും. ആകാത്ത വൃക്ഷം ആകാത്ത ഫലവും നല്ല വൃക്ഷം നല്ല ഫലവും ആകുന്നുവല്ലോ കായിക്കാറുള്ളത്. എന്നാൽ മാനസാന്തരത്തിനു യോഗ്യമായ ഫലം അത്രേ കർത്താവു നോക്കുന്നത്. യേശു ഫലം അന്വേഷിച്ച വൃക്ഷത്തിൻെറ കഥ പ്രസിദ്ധമാണല്ലോ. സൽഫലം കായിക്കത്തക്കവണ്ണം നമ്മുടെ അവയവങ്ങളെ നിതിയുടെ ആയുധങ്ങളായി സമർപ്പിക്കണം. ഫലം കായിക്കുവാൻ ഉള്ള സാഹചര്യം അല്ലെങ്കിൽ പോലും ദൈവത്തിനു ഫലം ഉളവാക്കുവാൻ കഴിയും എന്നത്രേ കല്ലുകളിൽ നിന്നു മക്കളെ ഉളവാക്കുവാൻ കഴിയുമെന്ന് കർത്താവു പറഞ്ഞത്.

അബ്രഹാം കൽത്താവിൻെറ ദിവസം കാണുമെന്നുള്ളതു കൊണ്ട് സന്തോഷിച്ചു എന്ന് കർത്താവു പറഞ്ഞു. (യോഹ 8:56). കർത്താവിനെ കണ്ട യിസ്രായേൽ ജനം സന്തോഷിച്ചില്ല എന്നു മാത്രമല്ല അവനെ കൊല്ലുവാൻ തരം അന്വേഷിച്ചു. അവരുടെ കുറവു കണ്ടു പിടിക്കുവാൻ കഴിയാതെ യേശുവിലും അവൻെറ പ്രവൃത്തിയിലും കുറ്റം കണ്ടു പിടിക്കുവാൻ ശ്രമിച്ചു. അവൻ ഭൂതങ്ങളെ പുറത്താക്കിയപ്പോൾ, ബെയെത്സെബൂലിനെ കൊണ്ട് യേശു ഭൂതങ്ങളെ പുറത്താക്കുന്നു എന്നു തുടങ്ങിയുള്ള കുറ്റങ്ങൾ പറഞ്ഞു. ഇന്നും പാപത്തിൽ നിന്നും വിടുവിക്കപ്പെടുവാൻ കഴിയാതെ മറ്റുള്ളവരുടെ കുറ്റങ്ങൾ കാണുകയും എണ്ണുകയും അത് പറഞ്ഞു പരത്തുകയും ചെയ്യുന്നത് അവിശ്വാസികൾ മാത്രമല്ല വിശ്വാസികളുടെ നാമം ധരിച്ച ധാരാളം ആളുകളും ഉണ്ട്. അബ്രഹാമും യിസഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുമെന്നു കർത്താവു തന്നെ പറഞ്ഞു (ലൂക്കോ 13:28). അബ്രഹാം സ്വർഗ്ഗീയമായതിനെ കാത്തിരുന്നതിനാൽ, ദൈവം അവൻെറ ദൈവമെന്നു വിളിക്കപ്പെടുവാൻ ലജ്ഞിച്ചില്ല. നമ്മേക്കുറിച്ച് കർത്താവ് എന്ത് പറയും?. ഒരു നിമിഷം ചിന്തിക്കുക.

അബ്രഹാം അനുസരിക്കുന്നവനായിരുന്നു. അവൻ അനുസരിച്ചു, ദൈവവിളി കേട്ട് ഇറങ്ങി പുറപ്പെട്ടു. (എബ്രാ 11:8). അനുസരിക്കുവാൻ കഴിയാത്ത നമുക്ക് നമ്മുടെ കുഞ്ഞങ്ങളുടെ അനുസരണ സ്വഭാവത്തിനു എങ്ങനെ മാതൃകയുള്ളവരാകുവാൻ കഴിയും. ഇന്നു ദൈവവചനവും ദൈവവിളിയും ധാരാളമുണ്ടെങ്കിലും അതിനു വേണ്ടി സമർപ്പിക്കുവാൻ മനസ്സില്ലാത്തവരാണ് വിശ്വാസികളിൽ അനേകരും. കോഴി തൻെറ കുഞ്ഞുങ്ങളെ ചേർക്കുന്നതുപോലെ യിസ്രായേലിനെ സംരക്ഷിക്കുവാൻ പലവട്ടം നടത്തിയ ശ്രമങ്ങൾ വിഫലമായതിനാൽ കർത്താവ് അവരെ നോക്കി കരഞ്ഞു. വചനം കേട്ടിട്ട് നമ്മളെത്തന്നെ ചതിക്കുന്നവരാകാതെ നമുക്ക് അനുസരിക്കുന്നവരാകാം. മാനസാന്തരത്തിനു യോഗ്യമായ ഫലം കായിച്ചുകൊണ്ട് നാം മാനസാന്തരപ്പെട്ട പെന്തക്കോസ്തുകാരാണ് എന്ന് തെളിയിക്കാം. കർത്താവു നാമേവരേയും സഹായിക്കട്ടെ.

EBENEZER PENTECOSTAL CHURCH OF GOD. All Rights Reserved